(ബി) ഉല്പാദന വർദ്ധനവ്, മാർക്കറ്റിംഗിൽ പുരോഗതി, തൊഴിലാളികളുടെ ആനുകൂല്യങ്ങളിൽ വർദ്ധനവ് എന്നിവ ഉണ്ടായിട്ടുണ്ടോ ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ ;

(സി) ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ ;

(ഡി) ബി. എച്ച്. ഇ. എൽ.-ന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(ഇ) തൊഴിലാളികളുടെയും കമ്പനിയുടെയും താൽപ്പര്യങ്ങൾ സംരക്ഷിക്കാനും പ്രവർത്തനം മെച്ചപ്പെടുത്താനും എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കെല്ലിന്റെ കാസർഗോഡ് യൂണിറ്റിനെ ഭെൽ (BHEL) ഏറ്റെടുത്തതിനു ശേഷം കമ്പനി നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്.

(ബി) ഏറ്റെടുത്ത ആദ്യ മൂന്ന് വർഷവും കമ്പനിയുടെ വിറ്റുവരവ് ഉയർത്താൻ സാധിച്ചെങ്കിലും ഈ സാമ്പത്തിക വർഷം (2014-15) കമ്പനി വളരെ മോശം പ്രവർത്തനമാണ് കാഴ്ചവച്ചിട്ടുള്ളത്. തൊഴിലാളികളുടെ ആനുകൂല്യങ്ങളിൽ ഇതേവരെ യാതൊരു വർദ്ധനവും ഉണ്ടായിട്ടില്ല.

(സി) ഇന്ത്യൻ റെയിൽവേ ആണ് ഈ കമ്പനിയുടെ പ്രധാന ഉപഭോക്താവ്. റെയിൽവേയിൽ നിന്ന് ഓർഡറുകൾ ലഭിക്കാത്തതാണ് ഈ കമ്പനി നേരിടുന്ന പ്രധാന പ്രതിസന്ധി.

(ഡി&ഇ) കമ്പനിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വിശദമായ ചർച്ചകൾ നടത്തിയിട്ടുണ്ട്. കൂടാതെ, കമ്പനിക്ക് കൂടുതൽ ഓർഡറുകളും ടി സംയുക്ത സംരംഭ കമ്പനിയിൽ ആധുനിക സാങ്കേതികവിദ്യയും കൂടുതൽ ഇൻവെസ്റ്റ്മെന്റും നടത്തേണ്ടതിന്റെ ആവശ്യകതയും കേന്ദ്ര ഖന വ്യവസായ വകുപ്പ് മന്ത്രാലയത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരുവാൻ തീരുമാനിച്ചിട്ടുണ്ട്.

കോഴിക്കോട് സ്റ്റീൽ കോംപ്ലക്സിന്റെ പ്രവർത്തനം

284 (633) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് സ്റ്റീൽ കോംപ്ലക്സിന്റെ 2010-11, 2011-12, 2012-13 വർഷങ്ങളിൽ ലാഭമോ നഷ്ടമോ എത്ര രൂപ വീതമാണെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രവർത്തന മൂലധനമില്ലാത്തതിനാൽ പ്രസ്തുത കമ്പനിയിൽ ഈ സാമ്പത്തിക വർഷം പ്രൊഡക്ഷൻ കുറഞ്ഞിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(സി) കുറഞ്ഞിട്ടുണ്ടെങ്കിൽ പ്രവർത്തന മൂലധനം നൽകാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സ്റ്റീൽ കോംപ്ലക്സ് ലിമിറ്റഡിന്റെ (സെയിൽ - എസ്.സി.എൽ. കേരള ലിമിറ്റഡ്) 2010-11, 2011-12, 2012-13 എന്നീ വർഷങ്ങളിലെ നഷ്ടം ചുവടെ ചേർക്കുന്നു :

Company	2010-11	2011-12	2012-13
SAIL-SCL Kerala Ltd.	-837.56	-471.38	-326.79

(ബി&സി) പ്രവർത്തന മൂലധനത്തിന്റെ അഭാവവും ഉൽപ്പാദനച്ചെലവ് സ്റ്റീൽ ബില്ലറ്റ്സിന്റെ കമ്പോളവിലയേക്കാൾ വർദ്ധിച്ചതു കൊണ്ടും 2014 ഒക്ടോബർ മുതൽ ഉൽപ്പാദനം താത്ക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്. റോളിംഗ് മില്ലിന്റെ വ്യവസായിക അടിസ്ഥാനത്തിലുള്ള ഉൽപ്പാദനം 2015 ഏപ്രിൽ മാസത്തോടുകൂടി ആരംഭിക്കുന്നതിനുള്ള പ്രവർത്തനം അവസാന ഘട്ടത്തിലാണ്. ഈ സാമ്പത്തിക വർഷം കേരള സർക്കാരും സെയിലും സംയുക്തമായി കമ്പനിക്ക് അനുവദിച്ച 703 ലക്ഷം രൂപയിൽ 476 ലക്ഷം രൂപ പ്രവർത്തന മൂലധനമായിട്ടാണ് നൽകിയിട്ടുള്ളത്.

കാസർഗോഡ് മണ്ഡലത്തിൽ പുതുതായി വ്യവസായ സ്ഥാപനങ്ങൾ

285 (634) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കാസർഗോഡ് മണ്ഡലത്തിൽ പുതുതായി വ്യവസായ സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ എതെല്ലാം മേഖലകളിൽ ; വിശദവിവരം നൽകാമോ ;

(ബി) ഇല്ലെങ്കിൽ പുതിയ വ്യവസായങ്ങൾ തുടങ്ങുന്നതിനുള്ള സാധ്യതകളെ കുറിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ; വിശദ വിവരം നൽകാമോ ;

(സി) കാസർഗോഡ് ജില്ലയിൽ പ്രവർത്തിക്കുന്ന പൊതു മേഖലാ സ്ഥാപനങ്ങളിൽ ലാഭത്തിൽ പ്രവർത്തിക്കുന്നവ എത്ര ; മറ്റുള്ളവ എത്ര ?

LIBRARY ARCHIVES, Kerala Legislative Assembly